ഖുത്ബ
30.4.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

# ഉള്ളതുകൊണ്ട് സംതൃപ്തരാവുക; ലളിതമായ നിലയിൽ ജീവിക്കുക.

زُيِّنَ لِلنَّاسِ حُبُّ الشَّهَوٰتِ مِنَ النِّسَآءِ وَالْبَنِيْنَ
وَالْقَنَاطِيْرِ الْمُقَنْطَرَةِ مِنَ الذَّهَبِ وَالْفِضَّةِ وَالْخَيْلِ
الْمُسَوَّمَةِ وَالْاَنْعَامِ وَالْحَرْثِ ذٰلِكَ مَتَاعُ الْحَيٰوةِ
الدُّنْيَا وَاللّٰهُ عِنْدَهٗ حُسْنُ الْمَاٰبِ

*മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും സൂക്ഷിക്കപ്പെട്ട കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ ഇഷ്ടവസ്തുക്കളോടുള്ള സ്നേഹം ആകർഷകമാക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഐഹിക ജീവിതത്തിന്റെ താൽക്കാലിക സുഖോപകരണങ്ങളാണ്. അല്ലാഹുവിന്റെ അടുക്കലാണ് ഏറ്റവും നല്ല സങ്കേതം സ്ഥിതിചെയ്യുന്നത്. (3:15)*

ലൗകികജീവിതം ഇഷ്ടപ്പെടുന്നവർ തങ്ങൾക്ക് സൗന്ദര്യവതിയും സമ്പന്നയുമായ ഭാര്യമാരുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. ഇന്നും നിങ്ങൾക്കത് കാണാൻ കഴിയും. സമ്പന്നർ അല്ലെങ്കിൽ ധനാഢ്യർ അധികമാളുകളും സമ്പന്നകുടുംബത്തിൽ നിന്നും വിവാഹം കഴിക്കുന്നത് അവരിൽനിന്ന് കുറച്ച് ധനം ലഭിക്കുമെന്നോ അല്ലെങ്കിൽ ഇരുകൂട്ടരുടെയും സമ്പത്ത് ഒന്നുചേർന്ന് അവരുടെ ധനത്തിൽ വർധനവുണ്ടാകുമെന്നോ കരുതിയാണ്. നാലുകാര്യങ്ങളെ അടിസ്ഥാനമാക്കി വിവാഹം കഴിക്കണമെന്ന നിർദേശം പലപ്പോഴും അവഗണിക്കപ്പെടുകയാണ്. ഹദീസിൽ വന്നിട്ടുള്ളതുപോലെ ഒരു സ്ത്രീയുടെ സ്വത്ത്, അവളുടെ കുടുംബം, അവളുടെ സൗന്ദര്യം, അവളുടെ സ്വഭാവമഹത്വം എന്നിവ നോക്കിയാണ് വിവാഹം കഴിക്കേണ്ടത്. ഇവയിൽ അല്ലാഹുവിന് ഏറ്റവുമധികം ഇഷ്ടപ്പെട്ടത് അവളുടെ ദീൻ അഥവാ സ്വഭാവമഹത്വമാണ്. എന്നാൽ, ഇത് വളരെ കുറച്ചുമാത്രമേ നോക്കുന്നുള്ളൂ; ധനത്തിലേക്കാണ് ഏറ്റവുമധികം ശ്രദ്ധ. പിന്നീട് ആൺകുട്ടികൾ ഉണ്ടാകണമെന്ന ആഗ്രഹമാണ്. വിദ്യാസമ്പന്നരും സാംസ്കാരികമായി പുരോഗതി നേടിയിട്ടുള്ളവരുമായ ഇന്നത്തെ ആളുകളിലും ഈ ചിന്താഗതിയാണുള്ളത്. ആൺകുട്ടികളുണ്ടാകണമെന്ന ഈ ചിന്താഗതി അധികമധികമായി കാണുകയും ചെയ്യുന്നു. ബാപ്പയെപോലെ ഭൗതികമായ കാര്യങ്ങളിൽ ബാപ്പയോടൊത്ത് ജോലിയെടുക്കാനാണ് ആൺകുട്ടികളെ ആഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ധനത്തിന്റെ കൂമ്പാരം അവർക്കുവേണം. അധികം ധനം വന്നുചേരുന്നതനുസരിച്ച് അധികമായ ആർത്തിയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എങ്ങനെയും ധനം സമ്പാദിക്കണമെന്നുള്ള പരിശ്രമമാണ് അവർക്കുള്ളത്. മറ്റുള്ളവരുടെ സ്ഥലം കൈയേറി സ്വത്തുസമ്പാദിക്കാൻ കഴിയുമെങ്കിൽ അങ്ങനെ. തൊഴിൽശാലകളും വ്യവസായശാലകളും വ്യാപകമായതോതിൽ നടത്തുക. യാത്രചെയ്യുന്നതിന് കാറുകൾ വാങ്ങുക. ഒരു വണ്ടിയ്ക്ക് പകരം മൂന്ന് നാല് വണ്ടികൾ വാങ്ങി വയ്ക്കുക. പിന്നെ ഓരോ പുതിയ മോഡൽ കാർ ഇറങ്ങുമ്പോഴും അതു വാങ്ങുന്നത് നിർബന്ധമായി കരുതുന്നു. അല്ലാഹു പറഞ്ഞു: ഇതെല്ലാം ലൗകിക ജീവിതത്തിനുള്ള താൽക്കാലിക സുഖോപകരണങ്ങളാണ്. ഈ താൽക്കാലിക സുഖോപകരണങ്ങളുടെ പിന്നാലെ പോവുക എന്നത് ഒരു വിശ്വാസിക്ക് ചേർന്നതല്ല. ദുനിയാവിന്റെ പിന്നാലെ പോകുകയെന്നത് കാഫിറിന്റെയും മുഅ്മിനല്ലാത്തവരുടെയും പ്രവൃത്തിയാണ്. നിങ്ങളുടെ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയും, അവനു ചെയ്യുന്ന ആരാധനയും, അവന്റെ സൃഷ്ടികൾക്കു വേണ്ടിയുള്ള സേവനവും ആയിരിക്കേണ്ടതാണ്. എന്നാൽ, ഇത്ര മനോഹരവും പരിശുദ്ധവുമായ അദ്ധ്യാപനമുണ്ടായിട്ടും നിർഭാഗ്യവശാൽ മുസ്‌ലിംകൾ ലൗകികജീവിതം തന്നെ തങ്ങളുടെ ലക്ഷ്യമാക്കിയിരിക്കുകയാണ്. ആർത്തിയും അതിമോഹവും അതിന്റെ പാരമ്യത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു. ദജ്ജാലിന്റെ കള്ള പ്രവർത്തനത്തിന്റെ ഒരു ഉദ്ദേശ്യം മുസ്‌ലിംകളെ അവരുടെ ദീനിൽ നിന്ന് പിന്തള്ളുക എന്നതായിരുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടുള്ള ജീവിതവും, ലളിതമായ ജീവിതവും അവരെ മറപ്പിച്ചുകളയുകയും ചെയ്തു. അതിമോഹത്തിലേക്കും അത്യാഗ്രഹത്തിലേക്കുമാണ് അവർക്കിന്ന് കൂടുതൽ താൽപര്യം. സമ്പന്നരിൽ സമ്പന്നരാകണമെന്ന ചിന്തയേയുള്ളു എങ്ങും. ഈ പരിതസ്ഥിതിയിൽ എല്ലാ തരത്തിലുള്ള അഹ്മദികളും ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടുള്ള ജീവിതവും ലളിതമായ ജീവിതവും സ്വായത്തമാക്കേണ്ടത് അത്യാ

വശ്യമാണ്. അപ്പോൾ ദീനിനുവേണ്ടി സേവനം ചെയ്യാനുള്ള അവസരങ്ങളും കിട്ടും. ദീനിനുവേണ്ടി ധനം ത്യാഗം ചെയ്യാനുള്ള ഭാഗ്യവും ലഭിക്കും. തങ്ങളുടെ ആവശ്യക്കാരായ സഹോദരങ്ങളെ സേവിക്കാനുള്ള തൗഫീക്ക് ഉണ്ടാകും. അവരെ സേവിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി നേടാൻ സൗഭാഗ്യം കിട്ടും. ലൗകിക പ്രവൃത്തികളിൽ ലയിച്ചു ജീവിക്കുന്നതിൽ നിന്ന് രക്ഷപ്പെട്ട് അല്ലാഹുവിനെ ആരാധിക്കാനുള്ള തൗഫീഖും ലഭിക്കുന്നതാണ്. അവസാനം എന്തായാലും അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകേണ്ടതുതന്നെയാണ്. ഇങ്ങനെ തന്നെയാണ് ജീവിതം. ഒരിക്കൽ എന്തായാലും ഇഹലോകം വെടിയേണ്ടിവരും. അതാണ് ഉത്തമമായ സ്ഥലമെന്ന് അല്ലാഹു പറയുന്നു. ഈ ഉത്തമമായ സ്ഥലം ലൗകികത ഉപേക്ഷിച്ച് അല്ലാഹു പറയുന്നതുപോലെ അവന്റെ തൃപ്തിയ്ക്കുവേണ്ടി പരിശ്രമിക്കുകയും, അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യുമ്പോഴാണ് കിട്ടുന്നത്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَمَا هَٰذِهِ الْحَيَوٰةُ الدُّنْيَآ إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ ۚ لَوْ كَانُوا يَعْلَمُونَ

***ഈ ഐഹിക ജീവിതം വിനോദവും കളിയും മാത്രമാണ്. പാരത്രിക ജീവിതം തന്നെയാണ് യഥാർത്ഥ ജീവിതം; അവർ അറിയുന്നവരായിരുന്നെങ്കിൽ. (29:65)***

സത്യവിശ്വാസിയുടെ ജീവിതലക്ഷ്യം, ഈ ലോകത്തെ ജീവിതവുമായിട്ട് ഇഴുകിച്ചേരലാണെന്ന് അവനൊരിക്കലും കരുതരുതെന്നാണ് പറഞ്ഞത്. ഇത് സത്യനിഷേധികളുടെ പ്രവൃത്തിയാണ്. അവർ ഈ ലോകമാണ് എല്ലാമെന്നു കരുതി കുത്തിയിരിക്കുന്നു. മുഅ്മിനിന്റെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം; അല്ലാതെ ദുനിയാവിനു പിന്നാലെ ഓടലല്ല. ഉള്ളതുകൊണ്ടു ജീവിക്കുക എന്നനില മനുഷ്യനിലുണ്ടാകാത്തിടത്തോളം, ലളിതമായ ജീവിതശൈലി ഉണ്ടാകാത്തിടത്തോളം, അവൻ സാമ്പത്തികമായി തന്നെക്കാൾ ഉയർന്നവനെ കണ്ട് അസ്വാസ്ഥനായിത്തീരുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥയാണെങ്കിൽ മറ്റുള്ളവന്റെ കൈയിൽ എന്താണുള്ളത്, ഇല്ലാത്തത് എന്നതൊന്നും അവനൊരു പ്രശ്നമാകുകയില്ല. നന്മചെയ്യുന്നതിൽ തന്നെക്കാൾ ഉത്തമനാരെന്ന് അവൻ നോക്കുകയും, അതിൽ അസൂയപ്പെടുകയും, നന്മയിൽ മറ്റവനെക്കാൾ മുമ്പിൽ കടക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. ഈ ലോകത്തും അല്ലാഹുവിന്റെ തൃപ്തി കൈവരിക്കണം പരലോകത്തും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ പരിശ്രമിക്കണം എന്ന ചിന്തയിലായിരിക്കും അയാൾ എപ്പോഴും.

തന്റെ കല്പനകളനുസരിച്ച് ജീവിച്ച് അവന്റെ തൃപ്തി നേടണമെന്നാണ് അല്ലാഹു നമുക്കുവേണ്ടി ആഗ്രഹിക്കുന്നത്. ഇതിലേക്ക് ആവർത്തിച്ചാവർത്തിച്ച് അല്ലാഹു നമ്മുടെ ശ്രദ്ധക്ഷണിച്ചിരിക്കുന്നു. ഇവിടെയും പറഞ്ഞിട്ടുള്ളത് നിങ്ങൾ അറിയുന്നവരാണെങ്കിൽ എന്നാണ്; ദുനിയാവിലേക്ക് ചാഞ്ഞുകൊണ്ട് ഏതു നാശത്തിലേക്കാണ് നിങ്ങൾ പോകുന്നതെന്ന് ചോദിക്കുന്നു. ദുനിയാവിലെ സൗകര്യങ്ങളും വസ്തുക്കളും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്. അതിനെ പ്രയോജനപ്പെടുത്തുക എന്നത് പാപമൊന്നുമല്ല. തീർച്ചയായിട്ടും അതിൽ നിന്നും ഫലമെടുക്കേണ്ടതാണ്. എന്നാൽ, അത് സമ്പാദിക്കുന്നതിന് തെറ്റായ മാർഗ്ഗം സ്വീകരിക്കുക, ഉള്ളതുകൊണ്ട് തൃപ്തിപ്പെടാതിരിക്കുക, മറ്റുള്ളവരെ കണ്ട് അസൂയപ്പെടുക, സ്വന്തം ജീവിതം ലളിതമാക്കി നിയന്ത്രിച്ച് ദീനിന്റെ ആവശ്യത്തിനായി ത്യാഗം ചെയ്യാതിരിക്കുക തുടങ്ങിയവയെല്ലാം തിന്മയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തെ ഉപയോഗിക്കുന്നത് തിന്മയല്ല. എന്നാൽ, അതിന്റെ പിന്നിലുള്ള ചിന്തയാണ് തിന്മയായി മാറുന്നത്. ഓരോ അഹ്മദിയും ഇതിൽ നിന്ന് രക്ഷപ്പെടേണ്ടതാണ്. ചിലയാളുകൾ നിർബന്ധ ചന്ദ അല്ലെങ്കിൽ താൻ വാഗ്ദാനം ചെയ്തിട്ടുള്ള ചന്ദ കൊടുക്കാതെ അവഗണിച്ചുകളയാറുണ്ട്. എന്നാൽ സ്വന്തമായ ആവശ്യങ്ങളിൽ ഒരു കുറവും വരുത്തുകയില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥ ഉണ്ടാകുകയാണെങ്കിൽ, ലളിതമായ ജീവിതമാണെങ്കിൽ ചന്ദ ഒരു ഭാരമായിട്ട് ഒരിക്കലും അവർക്കനുഭവപ്പെടുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ലളിതമായ ജീവിതം നയിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഇതുണ്ടാകുകയാണെങ്കിൽ ഒരുപാട് തിന്മകളിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയും. അതിനോടൊപ്പം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ നമ്മുടെ കൈയിൽ പണമുണ്ടാകും. നമ്മുടെ ഹൃദയവും വിശാലമായിത്തീരും. ഇതു സംബന്ധമായി ചില ഹദീസുകൾ കേൾപ്പിക്കാം. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: മുത്തഖിയായിത്തീരുക; ഏറ്റവും വലിയ ഭക്തനാകും. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക; ഏറ്റവും കൂടുതൽ നന്ദിയുള്ളവനാകും. സ്വയം ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക; യഥാർത്ഥ മുഅ്മിനാകും. അയൽവാസികളോടു നല്ലരീതിയിൽ പെരുമാറുക; യഥാർത്ഥ മുസൽമാനാകും. കുറച്ചു മാത്രം ചിരിക്കുക; കൂടുതൽ ചിരിക്കുന്നത് മനസ്സിനെ ശവമാക്കും.

ഈ ഹദീസിൽ തഖ്‌വയ്ക്കുശേഷം പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ടകാര്യം ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നതാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന കാരണത്താൽ നിങ്ങൾ നന്ദിയുള്ളവരായിത്തീരുന്നതാണ്. നിങ്ങൾ നന്ദിയുള്ളവരായിത്തീർന്നാൽ,

നിങ്ങൾ എന്റെ ഫള്ല് അധികം നേടുന്നവരായിത്തീരുമെന്ന് അല്ലാഹു പറയുന്നു. മുഅ്മിൻ പൂർണ്ണപരിശ്രമത്തോടെ തങ്ങളുടെ ജോലിയിൽ ശ്രമിക്കേണ്ടതാണ്. ലഭ്യമാകുന്ന എല്ലാമാർഗങ്ങളെയും ഉപയോഗത്തിൽ കൊണ്ടുവരിക. പിന്നീട് എന്തൊന്നാണോ ലഭിക്കുന്നത് അതിൽ തൃപ്തിപ്പെടുക. അൽഹംദുലില്ലാഹ് എന്ന് പറയുക. മനുഷ്യൻ അത്ഭുതപ്പെട്ട് പോകുംവിധം അല്ലാഹു തന്റെ അനുഗ്രഹം നല്കി കടാക്ഷിക്കുന്നതാണ്. ചിലപ്പോൾ ചിലയാളുകൾക്ക് അവർ ഇഷ്ടപ്പെട്ടരീതിയിലുള്ള ശമ്പളം ലഭിക്കുകയില്ല. പാക്കിസ്ഥാൻ തുടങ്ങിയ മൂന്നാംകിട രാജ്യങ്ങളിൽ ഈ അവസ്ഥയുണ്ട്. ഇവിടെ യൂറോപ്പ്, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലുമുണ്ട്. വിദ്യാസമ്പന്നരായിരുന്നിട്ടും ഇവർക്ക് ഇഷ്ടപ്പെട്ട അല്ലെങ്കിൽ അനുയോജ്യമായ ജോലി ലഭിക്കുന്നില്ല. കാരണം ഉദ്യോഗാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ നമുക്കേതു ജോലിയാണോ ലഭിക്കുന്നത് അതു ചെയ്യാൻ നാം തയ്യാറാവണം. അല്ലാഹുവിനോട് നന്ദികാണിക്കേണ്ടതാണ്. ഒന്നും ഇല്ലാതിരിക്കുന്നതിനേക്കാൾ, എന്തെങ്കിലും ഉണ്ടായിരിക്കുന്നത് എന്തായാലും നല്ലതുതന്നെയാണ്. അങ്ങനെ പതുക്കെ പതുക്കെ അല്ലാഹു അനുഗ്രഹം ഇട്ടുതരുന്നതാണ്. അഭിപ്രായം ആരായാൻ എന്റെയടുത്തും പലരും വരാറുണ്ട്. എന്തുജോലികിട്ടിയാലും ചെയ്യുക എന്ന് ഞാൻ അവരോട് പറയാറുണ്ട്. ചിലർക്ക് ആദ്യം മനസ്സ് ഉണ്ടായിരുന്നില്ല. ഇപ്പോൾ ചെറിയ ചെറിയ പ്രവൃത്തി തുടങ്ങി. ചിലപ്പോൾ നല്ല ജോലി തുടങ്ങിയതിനുശേഷം അതിനെക്കാൾ നല്ല ജോലി അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഉള്ളതുകൊണ്ട് തൃപ്തനായി, അല്ലാഹുവിനോടു നന്ദിയുള്ളവനായിരിക്കുമ്പോൾ അല്ലാഹു അവരുടെ ഗുണത്തിനുള്ള സാഹചര്യമൊരുക്കുന്നു. അങ്ങനെ അവർക്ക് നല്ല ജോലിയും കിട്ടുന്നു.

ഹസ്റത്ത് ജാബിർ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക (ഖനാഅത്ത്) എന്ന നില ഒരിക്കലും അവസാനിച്ചുപോകാത്ത ഒരു ഖജനാവാണ്.

ഇതു എന്റെ ആവശ്യമാണ്. ഇതും എന്റെ ആവശ്യമാണ് എന്നൊക്കെ മനുഷ്യൻ ചിന്തിക്കാറുണ്ട്. എന്നാൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്ന ശീലമുണ്ടായാൽ ആദ്യം വളരെ പ്രധാനപ്പെട്ടതെന്ന് കരുതിയിരുന്ന അക്കാര്യങ്ങൾക്കൊന്നും ഒരു പ്രസക്തിയും ഉണ്ടാവുകയില്ല. അങ്ങനെ മിച്ചം വയ്ക്കുന്ന ശീലവും ഉണ്ടാകും. മിച്ചം വയ്ക്കുക എന്നശീലം ഒരഹ്മദിയ്ക്കുണ്ടാകുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അയാളിൽ സാമ്പത്തിക ത്യാഗത്തിനുള്ള ശീലമുണ്ടാകുന്നു. അങ്ങനെ ഒരു നന്മയിൽ നിന്ന് മറ്റൊരു നന്മ ഉണ്ടായിക്കൊണ്ടിരിക്കുന്നു; അങ്ങേയറ്റം പിശുക്കുകാണിക്കുന്നവനൊഴികെ. അവൻ മിച്ചം വയ്ക്കുന്നത് പണം കൂട്ടികൂട്ടിവയ്ക്കാനാണ്.

മറ്റൊരു നിവേദനത്തിൽ പറഞ്ഞിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ചെലവഴിക്കുന്നതിൽ മിതത്വം കൈക്കൊള്ളുകയും മധ്യനില പാലിക്കുകയും ചെയ്യുന്നത് പകുതി നിത്യഭക്ഷണമാണ്. ജനങ്ങളോടു സ്നേഹത്തോടെ പെരുമാറുക എന്നത് പകുതി ബുദ്ധിയാണ്. ചോദ്യം നല്ലരീതിയിൽ അവതരിപ്പിക്കുക എന്നത് പകുതി അറിവാണ്.

മധ്യനിലസ്വീകരിക്കുകയും നമ്മുടെ ചെലവുകളെ നിയന്ത്രിക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ ആവശ്യത്തിന്റെ പകുതി പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. അതായത് കൺട്രോൾ ചെയ്യുന്നതുകൊണ്ടുമാത്രം നാം പകുതികാര്യം നേടുന്നു.

അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: അല്ലാഹു പ്രദാനം ചെയ്തതിൽ സംതൃപ്തിയും ഉപജീവനത്തിന് മാത്രം ആഹാരവുമുള്ള സത്യവിശ്വാസി വിജയം വരിച്ചവനത്രെ.

നോക്കുക, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് സുവാർത്തയാണ് ഇതിലുള്ളത്. അതുകൊണ്ട് പൈസകുറവുള്ളവനും ലജ്ജിക്കേണ്ട കാര്യമൊന്നുമില്ല. നന്ദിയുണ്ടെങ്കിൽ വിജയം നിങ്ങൾക്കെഴുതപ്പെട്ടിരിക്കുന്നു.

ഹസ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ആദം സന്തതിയുടെ കൈയിൽ സ്വർണ്ണത്തിന്റെ ഒരു താഴ്വര തന്നെ ഉണ്ടായാലും, മറ്റൊന്നുകൂടി കിട്ടിയിരുന്നെങ്കിൽ എന്നവൻ ആഗ്രഹിക്കുന്നു. മണ്ണിനല്ലാതെ മറ്റൊന്നിനും അവന്റെ വായ നിറയ്ക്കാൻ സാധ്യമല്ല. അല്ലാഹു തൗബ ചെയ്യുന്നവന്റെ തൗബ സ്വീകരിക്കുന്നു.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടാത്തവന്റെ ചിത്രമാണ് നബി (സ) തിരുമേനി ഇവിടെ വരച്ചുകാണിച്ചത്. അത്യാഗ്രഹി, ലോകത്തുള്ള എല്ലാ വസ്തുക്കളും തനിക്കു കിട്ടണമെന്ന് ആഗ്രഹിക്കുന്നു. എന്നാലും അവന്റെ അത്യാർത്തി ഈ ലോകത്തും നരകത്തിലും അവനെ കീഴ്പ്പെടുത്തിവയ്ക്കുന്നു. കാരണം എത്രമാത്രം മോഹം കൂടുമോ അത്രയേറെ വിഷമത്തിലകപ്പെടുന്നതാണ്. അതുകൊണ്ട് മുഅ്മിൻ ഇത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടണം. എപ്പോഴെങ്കിലും ഇത്തരം ചിന്ത ഉണ്ടായാൽ സ്വയം പരിശുദ്ധനാകുന്നതിനുവേണ്ടി അല്ലാഹുവിലേക്ക് ശ്രദ്ധ തിരിച്ച് അവനിലേക്ക് കുനിയേണ്ടതാണ്. സത്യഹൃദയത്തോടെ മനുഷ്യൻ അല്ലാഹുവിന്റെ സന്നിധിയിൽ കുനിഞ്ഞാൽ, പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്താൽ അവൻ അതു സ്വീകരിക്കുന്നു.

ചിലയാളുകൾ നല്ല തൊഴിലുകൾ ഉണ്ടായിട്ടും മറ്റുള്ളവരുടെ പണത്തിനുമേൽ ദൃഷ്ടിപായി

ച്ചുകൊണ്ടിരിക്കുന്നു. പരിചയമില്ലാത്ത അജ്ഞരായ ആളുകൾ പൈസയോടുള്ള ആർത്തികൊണ്ട് അത്തരക്കാരുടെ വലയിൽ കുടുങ്ങിപ്പോകുന്നു. അങ്ങനെ ഇന്ന അഹ്മദിയ്ക്ക് ഇത്ര പണം കൊടുത്തിരുന്നു, അയാൾ മുഴുവനും തിന്നു മുടിച്ചു. ഇപ്പോൾ ഞങ്ങളുടെ കൈയിൽ ഒന്നുമില്ല. അതുകൊണ്ട് ഞങ്ങളെ സഹായിക്കുക. ഞങ്ങളുടെ പണം തിരിച്ചുവാങ്ങിത്തരിക എന്നു പറഞ്ഞുകൊണ്ട് ജമാഅത്തിലോ എനിക്കോ പരാതി നല്കുന്നു. അത്തരം ആളുകൾ ആദ്യമേ തന്നെ ആ തൊഴിൽ അങ്ങനെയായിരിക്കമോ എന്നും തങ്ങളെ പറ്റിച്ച് അവർ മുങ്ങിക്കളയുമോ എന്നുമൊക്കെ ആദ്യമെ ചിന്തിക്കേണ്ടതായിരുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും കുറഞ്ഞലാഭമാണെങ്കിലും സമ്പാദിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇങ്ങനെയൊരവസ്ഥ എങ്ങനെയുണ്ടാകാനാണ്. അന്നേ ശ്രദ്ധിച്ചിരുന്നെങ്കിൽ ആ ചെറിയ തുക പല ഇരട്ടിയായി വർധിക്കുകയും ചെയ്തിട്ടുണ്ടാകും. ഇപ്പോൾ ആ ലാഭവും മൂലധനവുമെല്ലാം നഷ്ടപ്പെട്ടു. ഇത്തരം തൊഴിലുകൾ കാണിച്ച് മറ്റുള്ളവരുടെ പണം അപഹരിക്കുകയും ബാങ്കുകളിൽ നിന്ന് മറ്റുള്ളവരുടെ ജാമ്യത്തിൽ പണമെടുത്ത് സ്ഥാപനം നടത്തുകയും മറ്റുള്ളവരുടെ പേരിൽ പേപ്പറുകൾ എഴുതി തയ്യാറാക്കുകയും കളവുപറയുകയും മറ്റുള്ളവരുടെ പണത്തെ നശിപ്പിക്കുകയും ചെയ്യുന്ന അഹ്മദികൾ അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടിരുന്നെങ്കിൽ, സമ്പന്നരിൽ സമ്പന്നനാകുന്നതിനുപകരം അല്ലാഹുവിന്റെ തൃപ്തിയും അവനോടുള്ള ഭയവും ഉണ്ടായിരുന്നെങ്കിൽ അത്തരം പ്രവൃത്തികൾ ഒരിക്കലും ചെയ്യുമായിരുന്നില്ല. തന്റെ ചുറ്റുപാടിൽ നിന്ദിതനുമാകുമായിരുന്നില്ല.

നബി (സ) തിരുമേനി പറഞ്ഞതും ഉപദേശിച്ചതും ഓരോ അഹ്മദികുട്ടിയും കണ്ടും കേട്ടും മനസ്സിലാക്കിയിട്ടുള്ളതാണ്. എപ്പോഴും ഇതിന്റെ ചർച്ച അഹ്മദിചുറ്റുപാടിൽ നടക്കുന്നുമുണ്ട്. സാമ്പത്തിക കാര്യത്തിലും ലൗകിക കാര്യത്തിലും നമ്മളേക്കാൾ ഉയർന്ന നിലയിലുള്ളവരിലേക്ക് നാം നോക്കരുത്. മറിച്ച് നമ്മളേക്കാൾ താഴ്ന്ന നിലയിലുള്ളവരെ നോക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ നിഅ്മത്തിന് ശുക്ർ ചെയ്യുന്നവരാകാൻ കഴിയുന്നതാണ്. എന്നിട്ടും നാം ലൗകികതയിൽ മുങ്ങിക്കിടക്കുന്നു.

ഈ ഹദീസിന്റെ ഉദ്ദേശ്യം സമ്പന്നരെ കണ്ടുകൊണ്ട് ആളുകൾ അല്ലാഹുവിന് ശുക്ർ ചെയ്യുകയല്ല : മറിച്ച് അവന്റെ കൈയ്യിലുള്ള പണവും തങ്ങളുടെ കൈയ്യിൽ വരണമെന്ന് അവൻ മോഹിക്കും. കുറച്ചു പണമുള്ളവരെ കാണുമ്പോഴും ചിലർക്ക് അത്യാർത്തി വർദ്ധിക്കാൻ തുടങ്ങും. നാം ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാണെങ്കിൽ ഒരുപാട് ദോഷങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയും. അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു, അല്ലാഹുവിന്റെ ഒരു ദാസനിൽ അല്ലാഹുവിന്റെ വഴിയിലെ പൊടിപടലങ്ങളും നരകത്തിന്റെ പുകയും ഒന്നിക്കുകയില്ല. സത്യവിശ്വാസവും അതിമോഹവും അവനിൽ കൂടിച്ചേരുകയുമില്ല.

അതായത് അല്ലാഹുവിന്റെ വഴിയിൽ കഷ്ടപ്പെടുന്നവർ ഒരിക്കലും നരകത്തെ കാണുകയില്ല. നരകത്തിലെ പുക അവരോളമെത്തുകയില്ല. കരുത്തുള്ള സത്യവിശ്വാസം ആരിലാണോ ഉള്ളത് അവനൊരിക്കലും ലൗകിക കാര്യങ്ങളിൽ അത്യാർത്തികാണിക്കുകയില്ല.

ഹസ്റത്ത് ഉബയ്ല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ആരാണോ മന:ശാന്തിയോടും ശാരീരികാരോഗ്യത്തോടും കൂടി നേരം വെളുപ്പിച്ചത്, അവന്റെ കൈയ്യിൽ ആ ഒരുദിവസത്തെ ഭക്ഷണമുണ്ടെങ്കിൽ അവൻ ലോകം മുഴുവൻ ജയിച്ചടക്കിയിരിക്കുന്നു. അവന്റെ എല്ലാ അനുഗ്രഹങ്ങളും അവനിലുദിക്കുകയും ചെയ്തു.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന നിലയിലാണെങ്കിലേ ഇതു ലഭ്യമാകുകയുള്ളു.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: കുഴപ്പങ്ങളിൽ നിന്ന് മനുഷ്യൻ എത്രത്തോളം രക്ഷപ്പെട്ടിരിക്കുന്നുവോ അത്രത്തോളം അവന്റെ ആഗ്രഹങ്ങളും പൂർത്തിയാകുന്നു. സംഘർഷത്തിൽ കഴിയുന്നവന്റെ ഹൃദയത്തിൽ തീയാണുണ്ടാകുന്നത്. അവൻ നാശത്തിൽ അകപ്പെട്ടിരിക്കുന്നവനാണ്. ഈ ദുൻയാവിലെ ജീവിതത്തിലും സൗഖ്യം കിട്ടുന്നത്, മാനസികസംഘർഷങ്ങളിൽനിന്ന് മോചനം ഉണ്ടാകുമ്പോഴാണ്. പറയുന്നു: ഒരാൾ കുതിരപ്പുറത്തു യാത്രചെയ്യുകയായിരുന്നു. വഴിയിൽ ഒരു ഫക്കീർ ഇരിക്കുന്നതുകണ്ടു. അയാൾക്ക് തന്റെ രഹസ്യസ്ഥാനം മറയ്ക്കാനുള്ള വസ്ത്രം മാത്രമേ ഉണ്ടായിരുന്നുള്ളു. (ലങ്കോട്ടി വല്ലതും ധരിച്ചിട്ടുണ്ടാകും) കുതിരപ്പുറത്തിരുന്ന ആൾ ആ ഫക്കീറിനോട് സുഖവിവരം ചോദിച്ചു. ഫക്കീർ പറഞ്ഞു: ഒരാളുടെ എല്ലാ ആഗ്രഹവും പൂർത്തിയായാൽ അവന്റെ അവസ്ഥ എന്തായിരിക്കും?. താങ്കളുടെ എല്ലാ ആഗ്രഹങ്ങളും എങ്ങനെ പൂർത്തിയായെന്ന് കുതിരസവാരിക്കാരൻ ചോദിച്ചപ്പോൾ എല്ലാആഗ്രഹങ്ങളും ഞാനുപേക്ഷിച്ചു, അങ്ങനെ എനിക്ക് എല്ലാം ലഭിച്ചു. എന്നയാൾ പറഞ്ഞു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇതിൽ നിന്ന് കിട്ടുന്നപാഠം എല്ലാം സമ്പാദിക്കാനാഗ്രഹിക്കുമ്പോൾ ബുദ്ധിമുട്ടുണ്ടാകും. എന്നാൽ ഉള്ളതിൽ തൃപ്തിപ്പെട്ട് എല്ലാം ഉപേക്ഷിച്ചാൽ എല്ലാം

കിട്ടുന്നതാണ്.

ഒരു നിവേദനമാണ്. ഏ ആദം സന്തതികളെ, നിങ്ങളുടെ അധികമുള്ള പണം ആവശ്യക്കാരായ അല്ലാഹുവിന്റെ അടിയാറുകൾക്കും, ദീനീ കാര്യങ്ങൾക്കും വേണ്ടി ചെലവഴിച്ചാൽ അത് നിനക്ക് ഉത്തമമായിരിക്കും. അധികമുള്ളപണം ആവശ്യക്കാരും അർഹരുമായിട്ടുള്ളവർക്കുവേണ്ടി നീ ചിലവഴിക്കുന്നില്ലെങ്കിൽ, അവസാനം അത് നിനക്ക് ദോഷം ചെയ്യുന്നതാണ്. നിന്റെ പക്കൽ അധിക പണം ഇല്ലെങ്കിൽ, നിന്റെ അടിസ്ഥാനകാര്യങ്ങൾക്കു മാത്രം ചെലവഴിക്കാനുള്ള പണമേയുള്ളുവെങ്കിൽ, അതിൽ നിന്ന് നീ ചെലവഴിക്കുന്നില്ലെങ്കിൽ ചിലവഴിക്കാത്തതുകൊണ്ട് അല്ലാഹു നിന്നെ ശകാരിക്കുകയില്ല. നിനക്കാരാണോ ഉത്തരവാദപ്പെട്ടവർ അവരിൽ നിന്ന് ചിലവ് ആരംഭം കുറിക്കുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹൃദയം തുറന്ന് നിർബന്ധചന്ദയും, മറ്റുവാഗ്ദാനം ചെയ്തതും കൊടുക്കുന്നതിനുപുറമേ പള്ളിയും ആശുപത്രിയും നിർമ്മിക്കുന്നതിനും ജമാഅത്തിന്റെ മറ്റാവശ്യങ്ങൾ പൂർത്തിയാക്കുന്നതിനു വേണ്ടിയും ചന്ദകൊടുക്കുന്നു. ഇക്കൂട്ടർക്കാണ് ദുൻയാവിനോട് അത്യാർത്തിയില്ലാത്തത്. അത്യാർത്തി എന്തെങ്കിലും ഉണ്ടെങ്കിൽ അല്ലാഹു തൃപ്തനായിരിക്കണം എന്നതുമാത്രമാണ്. അല്ലാഹുവിന്റെ ജമാഅത്തിനു വേണ്ടി ചെലവഴിക്കാൻ എത്രമാത്രം കിട്ടുമോ അത്ര മാത്രം അവർചെലവഴിക്കും.

അത്തരം ആളുകളുടെ എണ്ണം ജമാഅത്തിൽ വർദ്ധിച്ചു കൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ ഇവരിൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥയും ത്യാഗത്തിന്റെ റൂഹും ഉണ്ടാകുമാറാകട്ടെ. അല്ലാഹുവിന്റെ സ്നേഹം ലഭിക്കുന്നതിനുള്ള അതിമോഹം അവരിൽ ഉണ്ടാകുമാറാകട്ടെ.

ഈ നിവേദനത്തിൽ വന്നിരിക്കുന്ന, നബി(സ) യുടെ ലളിതമായ ജീവിതശൈലിയെ നോക്കുക ഹസ്റത്ത് ആയിശ(റ)യോട് ചോദിച്ചു. നബി(സ) വീട്ടിൽ എങ്ങനെയായിരുന്നു?. അവിടന്ന് പറഞ്ഞു: സാധാര ണക്കാരനെപോലെ കഴിഞ്ഞിരുന്നു. വീട്ടുകാര്യങ്ങളിൽ വീട്ടുകാരെ സഹായിച്ചിരുന്നു. സ്വന്തം ജോലി സ്വയമായിതന്നെ ചെയ്തിരുന്നു.

ഹസ്റത്ത് നുഅ്മാൻബിൻ ബശീർ(റ) പറയുന്നു, ഇന്ന് ജനങ്ങളുടെ പക്കൽ എത്രമാത്രം സ്വത്തും പണവുമുണ്ട് എന്നുപറഞ്ഞുകൊണ്ട് ഹസ്റത്ത് ഉമർബിൻ ഖത്താബ്(റ) പറഞ്ഞു: ഹസ്റത്ത് ഉമർ(റ) ന്റെ കാലഘട്ടത്തിൽ നല്ലൊരവസ്ഥ ഇസ്ലാമിനുവന്നുകഴിഞ്ഞിരുന്നു. നബി(സ) തിരുമേനി പകൽ മുഴുവൻ പട്ടിണിയായിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പാകമായ ഈത്തപ്പഴം പോലും വിശപ്പടക്കാൻ നബി(സ) തിരുമേനിക്ക് കിട്ടിയിരുന്നില്ല.

ഹസ്റത്ത് സഹൽബിൻ സഹദ്(റ) പറയുന്നു, നുബുവത്തുമുതൽ അവസാന കാലം വരെ നബി(സ) തിരുമേനി മൈദമാവ് കണ്ടിട്ടില്ല. അതുപോലെ തന്നെ സഹൽബിൻ സഹ്ദ് പറയുന്നു, അല്ലാഹു നബി(സ) തിരുമേനിയെ നബിയാക്കിയതു മുതൽ മരണം വരെ അരിച്ചെടുത്തമാവ് നബി(സ) കണ്ടിട്ടില്ല. അരിക്കാത്തമാവ് എങ്ങനെയാണ് തിന്നിരുന്നത് എന്ന് ചോദിച്ചപ്പോൾ പറഞ്ഞു: ഞാൻ യവം പൊടിക്കുമായിരുന്നു. ആട്ട ഊതിപാറ്റുമായിരുന്നു. വലുതായിട്ടുള്ള കഷണങ്ങൾ മാറ്റുകയും പൊടിഞ്ഞതുകൊണ്ട് ഭക്ഷണം ഉണ്ടാക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ മൃദുവായ റൊട്ടി തിന്നപ്പോൾ ഹസ്റത്ത് ആയിശ(റ) യുടെ കണ്ണുകൾ നിറഞ്ഞു പോയി ആരോ ചോദിച്ചപ്പോൾ പറഞ്ഞു: ഞാൻ നബി(സ) തിരുമേനിയെ ഓർത്തുപോയി. നബി(സ) കാലത്ത് ഇതു കിട്ടിയിരുന്നില്ല. പരുപരുത്ത റൊട്ടിയാണ് നബി(സ) എപ്പോഴും തിന്നിരുന്നത്.

ഉമ്മു സഅ്ദ്(റ) പറയുന്നു. നബി(സ) തിരുമേനി ഹസ്റത്ത് ആയിശ(റ) യുടെയടുക്കൽ വന്നു. ഞാനവിടെ ഇരിക്കുകയായിരുന്നു. പ്രാതൽ കഴിക്കാൻ എന്തെങ്കിലുമുണ്ടോ എന്ന് നബി(സ) തിരുമേനി ചോദിച്ചു. റൊട്ടിയും കാരക്കയും വിന്നാഗിരിയുമുണ്ടെന്ന് ഹസ്റത്ത് ആയിശ(റ) പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: വിന്നാഗിരി എത്ര നല്ല കറിയാണ്. (ഇതിൽ ഉള്ളതുകൊണ്ട് തൃപ്തി പെടലും, ലളിതമായ ജീവിതവും കാണാം) നബി(സ) തിരുമേനി, അല്ലാഹുവേ സുർക്കയിൽ അനുഗ്രഹമിടേണമേ എന്നു ദുആചെയ്തു. എന്നിട്ടുപറഞ്ഞു: എന്റെ മുമ്പേവന്ന നബിമാരുടെ ഭക്ഷണവും ഇതുതന്നെയായിരിന്നു. എതൊരു വീട്ടിലാണോ സുർക്കയുള്ളത് അവർ ആശ്രിതന്മാരല്ല. (എന്നാൽ ഇന്നത്തെ സുർക്ക വയർ കേടാക്കുന്നതാണ്. അസ്സൽ സുർക്കവേണം ഉപയോഗിക്കേണ്ടത്) ഇതാണ് നബി(സ) തിരുമേനി നമ്മെപഠിപ്പിച്ച ഖനാഅത്തിന്റെ (ഉള്ളതിൽ തൃപ്തിപ്പടുക) നില.

നമ്മൾ നല്ല നല്ല ഭക്ഷണം കഴിച്ചതിനുശേഷ വും ഇതിൽ ഉപ്പുകൂടുതലാണ്, അതിൽ മുളകു കൂടുതലാണ് എന്നൊക്കെ ആയിരക്കണക്കിനു കുറ്റങ്ങൾ പറയാറുണ്ട്. സുർക്കമാത്രം തിന്നുക എന്നല്ല ഇതുകൊണ്ടുള്ള ഉദ്ദേശം. ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്തിന് നന്ദിപറഞ്ഞുകൊണ്ട് അതിനെ തീർച്ചയായും പ്രയോജനപ്പെടുത്തേണ്ടതാണ്. ശുക്റ് ചെയ്യുക എന്ന വികാരം ആദ്യത്തേക്കാൾ വർദ്ധി ക്കേണ്ടതാണ്.

അബ്ദുല്ലാഹ് ബിൻ നുഅ്മാൻ പറയുന്നു: ഞാൻ നബി (സ) തിരുമേനിയെ കണ്ടു. അവിടന്ന്

റൊട്ടിയുടെ കഷ്ണം കാരക്കയോടൊപ്പം വച്ചിരിക്കയായിരുന്നു. അവിടുന്ന് പറഞ്ഞു: ഈ കാരക്ക ഈ റൊട്ടിക്കുള്ള കറിയാണ്.

ഈ മാതൃക നബി(സ) തിരുമേനിയുടെ സത്യദാസനായ ഹസ്റത്ത് മസീഹ് മൗഊദ്(അ) യിലും നമുക്കു കാണാം. ഒരിക്കൽ അവിടന്ന് പറഞ്ഞു: ഒരു വർഷത്തിലധികമായി ഞാൻ ഇറച്ചിയുടെ മുഖം കണ്ടിട്ട്. മിക്കപ്പോഴും റൊട്ടി കഴിക്കുന്നത് അച്ചാറോ പരിപ്പു കറിയോ കൂട്ടിയാണ്. ഇന്നും ഞാൻ അച്ചാറു കൂട്ടിയാണ് റൊട്ടി കഴിച്ചത്.

നബി(സ) തിരുമേനിയും അവിടത്തെ കുടുംബവും എത്രമാത്രം ലളിതമായിട്ടാണ് ജീവിച്ചിരുന്നത് എന്ന് മനസ്സിലാക്കി തരുന്ന മറ്റൊരു നിവേദനമുണ്ട്. ഹസ്റത്ത് ഉമർ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹസ്റത്ത് ആയിശ(റ) എന്നോട് പറഞ്ഞു, സഹോദരിയുടെ മകനേ, നബി(സ) തിരുമേനിയുടെ വീടുകളിൽ രണ്ടുമാസം വരെയൊക്കെ അടുപ്പിൽ തീപുകയാതിരുന്നത് ഞൻ കണ്ടിരുന്നു. അപ്പോൾ ഞാൻ ചോദിച്ചു, എളാമാ, അപ്പോൾ നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറഞ്ഞു: ഞാൻ കാരക്കതിന്നുകയും വെള്ളം കുടിക്കുകയും ചെയ്യുമായിരുന്നു. നബി(സ) തിരുമേനിയുടെ അയൽവാസിക്ക് കറവയുള്ള ഒരു മൃഗമുണ്ടായിരുന്നു അദ്ദേഹം നബി(സ)തിരുമേനിക്ക് സമ്മാനമായി പാലു കൊടുക്കാറുണ്ടായിരുന്നു. നബ(സ) തിരുമേനി അത് ഞങ്ങളെ കുടിപ്പിക്കുമായിരുന്നു.

ഹസ്റത്ത് അലി(റ) പറയുന്നു: ആട്ടുകല്ലിൽ അരയ്ക്കുന്നകാരണത്താൽ ഹസ്റത്ത് ഫാത്വിമ(റ) യുടെ കൈയ്യിൽ മുറിവുണ്ടായി. ആ നാളുകളിൽ കുറച്ചു തടവുകാരെ അവിടെ കൊണ്ടുവന്നിരുന്നു. ഹസ്റത്ത് ഫാത്വിമ(റ) നബി(സ) തിരുമേനിയുടെ അടുക്കൽ പോയെങ്കിലും നബിയെ കാണാൻ കഴിഞ്ഞില്ല. വന്നകാര്യം ആയിശ(റ)യോടു പറഞ്ഞു. നബി(സ) തിരുമേനി വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഫാത്വിമ വന്നവിവരം ആയിശ(റ) നബിയോടുപറഞ്ഞു. ഹസ്റത്ത് അലി(റ) പറയുന്നു, ഇതുകേട്ടപ്പോൾ നബി(സ)നമ്മുടെ വീട്ടിൽ വന്നു. ഞങ്ങൾ കിടന്നുകഴിഞ്ഞിരുന്നു നബി(സ) വന്നപ്പോൾ ഞാൻ എഴുന്നേറ്റിരിക്കാൻ തുടങ്ങി. കിടന്നുകൊള്ളാൻ അവിടന്നു പറഞ്ഞു. നബി(സ) ഞങ്ങൾക്കിടയിലിരുന്നു. ഹുസൂറിന്റെ കാലുകളുടെ തണുപ്പ് തന്റെ നെഞ്ചിൽ അനുഭവപ്പെട്ടതായി അലി(റ) പറയുന്നു. നബി(സ) അവരോട് ചോദിച്ചു. നിങ്ങൾ ആവശ്യപെട്ടതിനേക്കാൾ ഉത്തമമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാമല്ലോ!. കിടക്കയിൽ കിടക്കുന്നതിനു മുമ്പേ, 34 പ്രാവശ്യം അല്ലാഹു അക്ബർ, 33 പ്രാവശ്യം സുബ്ഹാനല്ലാഹ്, 33 പ്രാവശ്യം അൽഹംദുലില്ലാഹ് എന്നുപറയുക. ഇതു ഒരു വേലക്കാരൻ ലഭിക്കുന്നതിനേക്കാൾ ഉത്തമമാണ്.

അതായത് ഈ വാചകങ്ങൾ കാരണത്താൽ അല്ലാഹു നിങ്ങൾക്ക് ബർക്കത്തു നൽകുന്നതാണ്. ഇത്തരം കാര്യങ്ങൾ ചോദിക്കേണ്ട ആവശ്യവും നിങ്ങൾക്കുണ്ടാവുകയില്ല. ഇന്നും ഈ രീതി സ്വായത്തമാക്കേണ്ടതാണ്, ഹസ്റത്ത് അലി(റ) പറയുന്നു: ഹസ്റത്ത് ഫാത്വിമ(റ) യുടെ വിവാഹ സമയത്ത് നബികരീം(സ) ഇവർക്ക് വീട്ടാവശ്യങ്ങൾക്കായി ചിലസാധനങ്ങൾ കൊടുത്തിരുന്നു. ഒരു പട്ടുപുതപ്പ്, ധാന്യം പൊടിപ്പിക്കുന്നതിനുള്ള രണ്ടുകല്ല്, ഒരു തോൽ പാത്രവും രണ്ടു ജലപാത്രവും. ഇതാണ് നബി(സ)തിരുമേനി ഫാത്വിമക്കു നൽകിയ ജഹേസ് അഥവാ സ്ത്രീധനം. (സ്ത്രീയുടെ വീട്ടുകാർ സ്വന്തം ഇഷ്ടപ്രകാരം തങ്ങളുടെ മകൾക്ക് കൊടുക്കുന്നതാണിത്. ഇന്നുകാണുന്ന സ്ത്രീധന സമ്പ്രദായമല്ല ഇതെന്ന് ഒർക്കുക. വി.വ)

ഇന്നത്തെ വിവാഹങ്ങളിൽ നടക്കുന്ന അനാവശ്യചിലവുകൾക്ക് അതിരുകളില്ല. പാക്കിസ്ഥാനിലും, ഇന്ത്യയിലും, യൂറോപ്പിലും മറ്റുപടിഞ്ഞാറൻ രാഷ്ട്രങ്ങളിലുമെല്ലാം ഇതുകാണാം. ഇപ്പോൾ ചിലയാളുകൾ, ഇക്കാര്യങ്ങളിലേക്ക് ജനങ്ങൾ ശ്രദ്ധിക്കണമെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീധനം കൊടുക്കുന്നതിനും ആഭരണമുണ്ടാക്കുന്നതിനും നെട്ടോട്ടമാണിന്ന്. തന്റെ വലിപ്പം കാണിക്കുന്നതിന് അനാവശ്യമായ ചെലവുകൾ നടത്തി, ജനങ്ങളെ ക്ഷണിച്ചു സ്വീകരിക്കുന്നു. പക്ഷെ അതിനു കഴിയാത്ത വീട്ടിൽ അങ്ങനെയായി ഇങ്ങനെയായി എന്നുപറഞ്ഞു ചർച്ചയുണ്ടാകുന്നു.

പിന്നീട് ഒരുപാട് ഒരുപാട് ദിവസങ്ങൾ വിവിധ പേരുകളിൽ ആചാരങ്ങളാണ്. അതിനൊക്കെ ജനങ്ങളെ ക്ഷണിച്ചുവരുത്തുന്നു. ക്ഷണംഎന്നു പറയുന്നത് ഒന്നേയുള്ളു, അത് വലീമയാണ്. വിവാഹവുമായി ബന്ധപ്പെട്ട് ഇസ്ലാമിൽ കാണുന്ന ഒരേയൊരു ക്ഷണമാണിത്. കഴിവില്ലാത്തവൻ ലോകരെ കാണിക്കുന്നതിനുവേണ്ടി ക്ഷണം നടത്തരുത്. ഒരിക്കലും സ്വയം ഭാരം കയറ്റിവെയ്ക്കരുത്. അതിഥികൾ വരുമ്പോൾ അവരേ ചെറിയ രീതിയിൽ സ്വീകരിക്കേണ്ടത് കടമയാണ്. അതുമാത്രം ചെയ്യുക. കഴിവുള്ളവർ എല്ലാവരെയും ക്ഷണിക്കുകയാണെങ്കിൽ അവർ സ്വന്തം കഴിവനുസരിച്ചാണ് ചെലവഴിക്കുന്നത്. അത് കണ്ടുകൊണ്ട് കഴിവില്ലാത്തവർ അതുപോലെ നടത്തിയാൽ ഭാരം ഏറ്റിവെയ്ക്കുകയായിരിക്കും ഫലം. കഴിവില്ലാത്തവൻ കടം വാങ്ങിയും സഹായത്തിന് അപേക്ഷകൊടുത്തും ക്ഷണമൊരുക്കുന്നത് ശരിയല്ല.

കഴിവില്ലാത്തവർ എത്രമാത്രം കുറച്ചു ചെലവാക്കാൻ കഴിയുമോ, അത്രമാത്രം കുറച്ചു

ചെലവഴിച്ച് കാര്യങ്ങൾ നടത്തേണ്ടതാണ്. അപകർഷതാബോധത്തിനിരയാകാതെ നബിയുടെ സുന്നത്തനുസരിച്ച് തങ്ങൾ പ്രവർത്തിക്കുന്നു എന്നുകരുതി അവർ സന്തോഷിക്കുകയാണ് വേണ്ടത്.

ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) മർയം ശാദീ ഫണ്ട് എന്നപേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. കഴിവില്ലാത്ത പെൺകുട്ടികൾക്ക് അവരുടെ വിവാഹത്തിന് അൽപ്പം സഹായം ചെയ്യുന്നതിനാണിത്. ഒരേകദേശ കണക്കുകൂട്ടി അതിൽനിന്ന് ജമാഅത്ത് പണം കൊടുക്കുന്നു. എന്നാൽ പണം കുറച്ചേയുള്ളു, ഞങ്ങൾക്ക് ഇന്നചെലവുണ്ട് ഇന്നചെലവുണ്ട് എന്നുപറഞ്ഞ് കത്തുകൾ വരുന്നു. വാസ്ഥവത്തിൽ ഇതെല്ലാം അനാവശ്യ ചിലവുകളാണ്. അതില്ലാതെയും കാര്യം നടത്താൻ കഴിയും. അത്തരം ആളുകളോട് ഞാൻ പറയുകയാണ്. ഇൻശാഅല്ലാഹ് ജമാഅത്ത് അത്തരം കുട്ടികളുടെ കാര്യം കഴിവനുസരിച്ച് ശ്രദ്ധിക്കുന്നതാണ്. വിവാഹാവസരത്തിൽ വരുന്ന ചെലവുകൾ കഴിയുന്നതും വഹിക്കുന്നതാണ്. പക്ഷെ അവരുടെ മാതാപിതാക്കൾ, ഉള്ളതുകൊണ്ട് തൃപ്തിപെടുകയും അല്ലാഹുവിന് ശുകർ ചെയ്യുകയും വേണം.

തന്റെ അടുത്തയാളുകളിൽ എങ്ങനെയാണ് നബി(സ) തിരുമേനി ലളിതമായ ജീവിതം നടപ്പാക്കിയിരുന്നതെന്ന് നോക്കുക. ഹസ്റത്ത് അമർബിൻ തുഗളബ് നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയുടെ സന്നിധിയിൽ കുറെ ധനവും തടവുകാരും ഹാജരാക്കപ്പെട്ടു. അവിടന്ന് ആ ധനം വിതരണം ചെയ്തു. ചിലർക്ക് നൽകി ചിലർക്ക് നൽകിയില്ല. ഒന്നും കിട്ടാത്തവർക്ക് വിഷമമുണ്ടെന്ന് നബി(സ) അറിഞ്ഞു. നബി(സ) തങ്ങളോട് എന്തോവെറുപ്പുണ്ടെന്ന് അവർ മനസ്സിലാക്കുന്നതായും കേട്ടു. അപ്പോൾ നബി(സ) പ്രസംഗിക്കുന്നതിനായി എഴുന്നേറ്റുനിന്നു. അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു. എന്നിട്ടു പറഞ്ഞു, അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു. ഞാൻ ചിലപ്പോൾ ചിലർക്ക് നൽകുന്നു ചിലർക്ക് നൽകുന്നില്ല. ആർക്കാണോ ഞാൻ നൽകാത്തത് അവർ ഞാൻ നൽകുന്നവരേക്കാൾ എനിക്കുപ്രിയപ്പെട്ടവരാണ്. വാസ്തവം പറഞ്ഞാൽ ഞാൻ കുറച്ചാളുകൾക്ക് കൊടുക്കുന്നത്, അവരുടെയുള്ളിൽ സ്വത്തിനോടും പണത്തിനോടും ആർത്തിയുള്ളതുകൊണ്ടാണ്. ചിലരെ സംബന്ധിച്ച് എനിക്കറിയാം, അല്ലാഹു അവരുടെ ഹൃദയത്തിൽ നന്മയും, സ്വച്ഛന്ദതയും, ഐശ്വര്യവും വെച്ചിരിക്കുന്നു. അമർബിൻ തുഗളബും ഇക്കൂട്ടരിൽ പെട്ടയാളാണ്. അമർ(റ) പറയുന്നു: നബി(സ) തിരുമേനി ഇതുപറയുന്നതുകേട്ടപ്പോൾ എനിക്കുണ്ടായ സന്തോഷത്തിനതിരുണ്ടായിരുന്നില്ല. മേത്തരം ചുമന്ന ഒട്ടകം കിട്ടിയാൽ പേലും എനിക്ക് അത്ര സന്തോഷം ഉണ്ടാകുമായിരുന്നില്ല.

ഇക്കാലത്തും ഇതുപോലുള്ള നിരവധി ഉദാഹരണങ്ങൾ കാണാം. ഖാദിയാനിൽ ഒരിക്കൽ അതിഥികൾ അധികം വന്നു. ഹസ്റത്ത് മീർമുഹമ്മദ് ഇസ്ഹാക്ക് സാഹിബായിരുന്നു ദാറുളിയാഫത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. ഭക്ഷണം തികഞ്ഞില്ല. പാചകക്കാർക്ക് കഴിക്കാൻ പോലും ഭക്ഷണമുണ്ടായിരുന്നില്ല. ഒരാൾക്ക് കഴിക്കാനുള്ള ഭക്ഷണം മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. ഭക്ഷണം കഴിക്കാത്ത രണ്ടുപാചകക്കാരാണ് ഉണ്ടായിരുന്നത്. ഹസ്റത്ത് മീർ സാഹിബ് അതിൽ ഒരാൾക്ക് ആ ഭക്ഷണം കൊടുക്കാൻ പറഞ്ഞു. മറ്റേയാൾക്ക് കൊടുക്കേണ്ടായെന്ന് അറിയിച്ചു. ഫിത്ന ഉണ്ടാക്കാൻ ശയ്താൻ എല്ലാ സ്ഥലത്തും ഉണ്ടാകുമല്ലോ, പാചകക്കാരന്റെയടുക്കൽപോയി മീർസാഹിബ് നിനക്കുഭക്ഷണം തന്നില്ല മറ്റവനു കൊടുത്തുവെന്ന് ഒരാൾ പറഞ്ഞു; ആ പാചകക്കാരൻ ബുദ്ധിമാനായിരുന്നു. അദ്ദേഹം പറഞ്ഞു, അയാൾക്ക് ഭക്ഷണം കിട്ടിയില്ലെങ്കിൽ അയാൾ ആക്ഷേപിച്ചുനടക്കും എനിക്ക് കിട്ടിയില്ലെങ്കിലും ഞാനൊന്നും പറയുകയില്ലെന്ന് മീർ സാഹിബിനു നന്നായിട്ട് അറിയാം. കാരണം മീർ സാഹിബിനു ഞാനുമായിട്ടാണ് കൂടുതൽ ബന്ധം.

ഉള്ളതുകൊണ്ട് തൃപ്തി പ്പെടാനും ലളിതമായി ജീവിക്കാനും മറ്റുള്ളവർക്ക് ഭാരമാകാതിരിക്കാനും നബി(സ) തിരുമേനി തന്റെ സ്വഹാബത്തിനെ ഒരുപാട് ഉപദേശിച്ചിരുന്നു. അതിന്റെ ഫലമായി അവർ എത്ര കഷ്ടപ്പെട്ടാലും അന്യരുടെ മുന്നിൽ കൈനീട്ടുമായിരുന്നില്ല. കഠിനാധ്വാനങ്ങൾ ചെയ്ത് അവർ അവരുടെ ആവശ്യങ്ങൾ നിറവേറ്റിപ്പോന്നു.

ഹസ്റത്ത് സുബയ്ർ(റ) ൽ നിന്ന് നിവേദനം റസൂൽ (സ) പറഞ്ഞു: നിങ്ങളിലൊരാൾ കയറെടുത്ത് മലയിൽ പോയി തന്റെ മുതുകിൽ ഒരു കെട്ട് വിറകു ചുമന്നുകൊണ്ടുവന്നിട്ട് അത് വിറ്റ് തന്റെ അഭിമാനം കാത്തുസൂക്ഷിക്കുന്നതാണ്, മനുഷ്യനോട് ഭിക്ഷയാചിക്കുന്നതിനേക്കാൾ അവനുത്തമം. അവരാണെങ്കിൽ അവന് കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്കുകാണിച്ചുതന്ന മാതൃക എന്താണ്, തന്നെവിശ്വസിക്കുന്നവരുടെ ലളിതമായ ജീവിതവും, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടുള്ള ജീവിതവും, വളരെ ഇഷ്ടപ്പെട്ടതാണ്. ഒരു മാതൃക അവിടന്ന് പറയുന്നു: നമ്മുടെ സിദ്ധാന്തങ്ങളിൽ ഒന്ന് നാം ലളിതമായി ജീവിക്കുന്നു എന്നതുമാത്രമാണ്. യൂറോപ്യൻകാർ തങ്ങളുടെ ജീവിതത്തിന് നിർബന്ധമായി മനസ്സിലാക്കുന്ന എല്ലാ കൃത്രിമങ്ങളിൽ നിന്നും

നമ്മുടെ മജ്‌ലിസ് പരിശുദ്ധമാണ് നാട്ടാചാരത്തിനും നാട്ടുരീതിക്കും നാം കീഴ്പെട്ടവരല്ല. ഉപേക്ഷിക്കുന്നതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടോ അല്ലെങ്കിൽ പാപമാകുമെന്ന ഭയമോ ഇല്ലാത്ത എല്ലാആചാരത്തേ യും നാം പരിഗണിക്കുന്നതാണ്. അതായത് ഉപേക്ഷിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകരുത്. അത് പാപവുമാകരുത്. തിന്നുന്നതിലും കുടിക്കുന്നതിലും സഭാമര്യാദകളിലുമെല്ലാം നാം ലളിതമായ ജീവിതമാണ് ഇഷ്ടപ്പെടുന്നത്.

ഹസ്റത്ത് ശേയ്ഖ് യഅ്കൂബ് അലിസാഹിബ് ഇർഫാനി(റ) അമൃതസറിൽ നടന്ന വാദപ്രതിവാദ അവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അമൃതസറിലെ ജീവിതത്തിൽ കണ്ട കാഴ്ച്ച വിവരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു പായിൽ കിടക്കുകയായിരിന്നു. അത് വളരെ ചെറുതായിരുന്നതിനാൽ കാലുകൾ മുട്ടുവരെ തറയിലായിരുന്നു. എന്നാൽ അവിടന്ന് ഒരു സങ്കോചവും കൂടാതെ സാധാരണനിലയിൽ അതിൽ കിടന്നു. പിന്നീട് ഉണർന്നിരുന്നു. ഈസംഭവം കണ്ടിട്ട് എന്റെയും മിയാഅലാവുദ്ദീൻ സാഹിബിന്റെയും മനസ്സിൽ എന്തവസ്ഥയായിരുന്നുവെന്ന് വിവരിക്കാൻ പറ്റുകയില്ല. കണ്ണിന്റെ മുമ്പിൽ നബി(സ) തിരുമേനി യുടെ ഒരു സംഭവം മിന്നിമറഞ്ഞു. ഒരിക്കൽ നബി(സ) ഒരു ചാക്ക് വിരിച്ച് കിടക്കുകയായിരുന്നു. നബി(സ) ഉണർന്നപ്പോൾ ചാക്കിന്റെ അടയാളം നബി(സ) യുടെ ശരീരത്തിൽ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ ഒരു കിടക്കയുണ്ടാക്കി കൊണ്ടുവരട്ടേയെന്ന് അവർ ചോദിച്ചു. അവിടന്ന് പറഞ്ഞു. ദുനിയാവ് എനിക്കെന്തിന്. എനിക്ക് ദുനിയാവുമായിട്ടുള്ള ബന്ധം ഒരു യാത്രക്കാരൻ അൽപ്പസമയം ഒരു മരത്തിന്റെ ചുവട്ടിലിരിക്കുകയും പിന്നീട് അവിടെന്ന് എഴുന്നേറ്റ് പോകുകയും ചെയ്യുന്നതുപോലെയാണ്.

മിയാഅലാവുദ്ദീൻ സാഹിബ് പറഞ്ഞിരുന്നത് എനിക്ക് നല്ലവണ്ണം ഓർമ്മയുണ്ട്. ഇവിടെ എന്തെങ്കിലും വിരിക്കട്ടെ എന്നുചോദിച്ചപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് പറഞ്ഞു. ഞാൻ ഉറങ്ങാൻ വേണ്ടികിടന്നതല്ല. വിശ്രമിക്കുമ്പോൾ അത് ജോലിയെ ബാധിക്കും. ഇത് വിശ്രമിക്കാനുള്ളദിനമല്ല.

ഹസ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. ഞാൻ ഹസ്റത്ത് സാഹിബിനെ ഒറ്റയ്ക്കുകാണാൻ ആഗ്രഹിക്കുന്നു വെന്ന് കർണൽ അൽതാഫ് അലി സാഹിബ് എന്നോട് പറഞ്ഞു. കർണൽ സാഹിബ് കോട്ടണിഞ്ഞു. താടിയും മീശയും വടിച്ചിരുന്നു. താങ്കൾ ഉള്ളിൽ പെയ്ക്കൊള്ളാൻ ഞാൻ അദ്ദേഹത്തോടു പറഞ്ഞു. വെളിയിൽ നിന്ന് ആരേയും കടത്തിവിടുകയില്ലെന്നും അറിയിച്ചു. ആരോടും ചോദിക്കേണ്ടആവശ്യവുമില്ല. അങ്ങനെ കർണൽ സാഹിബ് ഉള്ളിൽ പ്രവേശിച്ചു. എട്ടുമണിക്കൂർനേരം അദ്ദേഹം ഹസ്റത്ത് സാഹിബിന്റെയടുക്കലിരുന്നു. കർണൽസാഹിബ് വെളിയിൽവന്നപ്പോൾ കണ്ണുകൾ നിറഞ്ഞിരുന്നു. കരയാൻ മാത്രം താങ്കൾ എന്താണ് സംസാരിച്ചതെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു. ഞാൻ ഉള്ളിൽചെന്നപ്പോൾ ഹസ്റത്ത് സാഹിബ് എന്തോ ചിന്തിച്ച് ചാക്കിന്റെ മേൽ ഇരിക്കുകയായിരുന്നു. പക്ഷേ, ചാക്കിന്റെ മേൽ ഹസ്റത്ത് സാഹിബിന്റെ കാൽമുട്ട് മാത്രമെ ഉണ്ടായിരുന്നുള്ളു. ബാക്കി ഭാഗം തറയിലായിരുന്നു. ഹുസൂർ അങ്ങ് തറയിലാണിരിക്കുന്നതെന്ന് ഞാൻ അറിയിച്ചു. അപ്പോൾ ചാക്കിലിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ലെന്ന് ഹസ്റത്ത് സാഹിബ് മനസ്സിലാക്കി; എന്നിട്ട് തന്റെ തലപ്പാവ് എടുത്ത് ചാക്കിനുമേൽ വിരിച്ച് അതിലിരിക്കാൻ എന്നോടു പറഞ്ഞു. ഇതു കണ്ടപ്പോൾ ഞാൻ കരഞ്ഞുപോയി. ഞാൻ പറഞ്ഞു. ഞാൻ വിദേശത്തു നിന്ന് ഡിഗ്രിനേടിയിട്ടുണ്ട്. പക്ഷേ, ഹുസൂറിന്റെ തലപ്പാവിലിരിക്കാൻ മാത്രം മതചിന്തയില്ലാത്തവനല്ല ഞാൻ. ഹുസൂർ പറഞ്ഞു: അതു സാരമില്ല. താങ്കൾ ഒന്നുംവിചാരിക്കാതെ ഇരുന്നു കൊള്ളുക. ഞാൻ തലപ്പാവ് കൈകൊണ്ട് മാറ്റി ചാക്കിനുമേൽ ഇരുന്നു. ഞാനെന്റെ വിവരങ്ങൾ കേൾപ്പിക്കാൻ തുടങ്ങി. അതായത്, ഞാൻ മദ്യം ഒരുപാട് കുടിക്കാറുണ്ട്. കുടിച്ച് പാപവും ചെയ്യാറുണ്ട്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരുപോലും എനിക്കറിയില്ല. എന്നാൽ ഞാൻ ഇപ്പോൾ അങ്ങയുടെ മുമ്പിൽ ക്രിസ്തുമതത്തിൽനിന്ന് തൗബ ചെയ്ത് മുസൽമാനാകുകയാണ്. എന്നാൽ, എന്റെ ശീലം അകറ്റുക എന്നത് എനിക്ക് ദുഷ്ക്കരമായി തോന്നുന്നു. ഹുസൂർ പറഞ്ഞു: പാപപ്പൊറുതിതേടുക. അഞ്ചു നേരം നമസ്കാരം ശീലമാക്കുക. ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ഇരിക്കുവോളം എന്റെ അവസ്ഥ നന്നായിക്കൊണ്ടിരുന്നു. ആ അവസ്ഥയിൽ ഞാൻ ഇസ്തിഗ്ഫാർ ചൊല്ലുകയും നമസ്കരിക്കുകയും ചെയ്യുമെന്ന് സമ്മതിച്ച് അവിടുത്തെ അനുവാദം വാങ്ങി വന്നിരിക്കുകയാണ്. അതെല്ലാം എന്റെ മനസ്സിൽ ഇപ്പോഴുമുണ്ട്.

ഇന്ന് കത്തിയും മുള്ളും ഉപയോഗിച്ച് തിന്നുന്നത് ഒരു ഫാഷൻ നടപ്പിലുണ്ട്. തിന്നുന്നതുകൊണ്ട് പ്രശ്നമില്ല. തിന്നേണ്ടതുമാണ്. എന്നാൽ, ഈ ഫാഷനിൽ ഇവിടെത്തെയാളുകൾ ഇടതുകൈയിൽ മുള്ളു പിടിച്ചാണ് തിന്നുന്നത്. ഇക്കാര്യത്തിൽ ഇസ്‌ലാമിക പാഠമനുസരിച്ച് അഹ്മദികൾ പ്രവർത്തിക്കേണ്ടതാണ്. കത്തിയും മുള്ളും ഉപയോഗിക്കുന്നത് തെറ്റല്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഉദ്ധരണി ഞാൻ വായിച്ച് കേൾപ്പിക്കാം. ഇസ്‌ലാമിക ശരീഅത്ത് കത്തികൊണ്ട് മുറിച്ച് തിന്നുന്നതിനെ വിലക്കിയിട്ടില്ല. കൃത്രിമം കാണിക്കുന്നതിനെയാണ് വിരോധിച്ചിട്ടുള്ളത്; ആ സമുദായവുമായി സാദൃശ്യം ഉണ്ടാകാ

തിരിക്കാൻ വേണ്ടി. നബി (സ) തിരുമേനി കത്തി കൊണ്ട് ഇറച്ചിക്കഷണം മുറിച്ചുതിന്നതായി നിവേദനത്തിൽ വന്നിട്ടുണ്ട്. ഇത് നബി (സ) ചെയ്തത് തന്റെ സമുദായത്തിന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാണ്. അനുവദനീയമായ ആവശ്യഘട്ടത്തിൽ ഇങ്ങനെ തിന്നുന്നതുകൊണ്ട് കുഴപ്പമില്ല. എന്നാൽ, തികച്ചും അതിന് അടിപ്പെടുകയും കൃത്രിമവശങ്ങൾ സ്വീകരിക്കുകയും, മറ്റുരീതികളെ തരം താണതായി കാണുകയും ചെയ്യുന്നത് വിരോധിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പിന്നീട് മെല്ലെ മെല്ലെ മനുഷ്യന്റെ രീതി അഹങ്കാരത്തിലേക്കെത്തി, തിന്നതിനുശേഷം വൃത്തിയാക്കലും അവരെപോലെ ഉപേക്ഷിച്ചുകളയുന്നതാണ്. ***മൻ തശാബഹ ബി ഖൗമിൻ ഫഹുവ മിൻഹും*** ഇതു കൊണ്ടുള്ള ഉദ്ദേശ്യം തുടർച്ചയായി അതു ശീലമാക്കാതിരിക്കുക. എപ്പോഴെങ്കിലും ഒരു അനുവദനീയമായ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അതു ചെയ്യുന്നതുകൊണ്ട് കുറ്റമില്ല. ചിലപ്പോൾ ജോലിത്തിരക്കുകാരണം അതായത് എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. ഭക്ഷണം മേശപ്പുറത്തു വയ്ക്കാൻ പറയും. അവിടെ ഇരുന്നും കഴിക്കാം. താഴെ തറയിലിരുന്നും കഴിക്കാം. കട്ടിലിലിരുന്നു കഴിക്കാം. അത്തരം കാര്യങ്ങളിൽ കേവലം കഴിക്കുക എന്നതല്ലാതെ മറ്റൊന്നുമില്ല.

ഇനി ഞാൻ വഖ്ഫ് ചെയ്തവർക്കായി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു ഉദ്ധരണി വായിച്ചുകേൾപ്പിക്കുകയാണ്. ഇക്കാലത്ത് ജമാഅത്തിന്റെ പ്രവർത്തന മേഖലകൾ വളരെ വർധിച്ചിട്ടുണ്ട്. വഖ്ഫ് ചെയ്തവർക്കും ജമാഅത്തിന്റെ കഴിവിന്റെ അടിസ്ഥാനത്തിൽ, സാഹചര്യമൊരുക്കിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള കുട്ടികളിൽ ചിലർ കോളേജുകളിലും ജാമിഅയിലും പഠിച്ചുവരുന്ന പ്രായത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഇക്കാര്യങ്ങൾ അവർ എപ്പോഴും മുന്നിൽ കാണേണ്ടതാണ്. അവിടന്ന് പറയുന്നു:

വാക്കുകൾ കൊണ്ടുമാത്രമല്ല പ്രവർത്തനപരമായും കുറച്ചുചെയ്തുകാണിക്കുന്ന ആളുകളെ നമുക്കാവശ്യമുണ്ട്. അറിവുണ്ടെന്നുള്ള കേവലവാദം ഒന്നിനും പറ്റുകയില്ല. ആത്മപ്രശംസയിൽ നിന്നും അഹങ്കാരത്തിൽ നിന്നും തികച്ചും പരിശുദ്ധരാവണം. നമ്മുടെ സുഹബത്തിലിരുന്നോ കുറഞ്ഞപക്ഷം നമ്മുടെ ഗ്രന്ഥങ്ങൾ അധികമായി വായിച്ചുകൊണ്ടോ അവരുടെ അറിവ് പൂർണ്ണനിലപ്രാപിച്ചതായിരിക്കണം. തബ്ലീഗിനുവേണ്ടി അത്തരം ആളുകൾ പര്യടനം നടത്തേണ്ട ആവശ്യമുണ്ട്. എന്നാൽ, തന്റെ ജീവിതം ഈ വഴിയിൽ അർപ്പിക്കുന്നവരെ ഇതിനായി കിട്ടേണ്ടതാണ്. നബി (സ) തിരുമേനിയും ഇസ്ലാമിക പ്രചരണത്തിനായി ദൂരദൂര സ്ഥലങ്ങളിൽ പോകാറുണ്ടായിരുന്നു. ചൈനരാജ്യത്ത് കോടിക്കണക്കിന് മുസ്ലിംകളുണ്ട്. ഇതിൽ നിന്ന് മനസ്സിലാക്കുന്നത് സ്വഹാബിമാരിൽ ആരെങ്കിലും അവിടെ എത്തിയിട്ടുണ്ടാകണമെന്നാണ്. ഇപ്രകാരം ഇരുപതോ മുപ്പതോ ആളുകൾ വിവിധ സ്ഥലങ്ങളിൽ പോയാൽ എത്രയും പെട്ടെന്ന് തബ്ലീഗ് നടത്താൻ കഴിയും. (ഇപ്പോൾ അല്ലാഹു ജമാഅത്തിന് ആയിരക്കണക്കിന് പ്രവർത്തകരെ തന്നിട്ടുണ്ട്. നൂറുകണക്കിന് തബ്ലീഗ് മൈതാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആയിരക്കണക്കിന് പിന്നാലെ വരാൻ പോകുന്നുണ്ട്. ഇൻശാഅല്ലാഹ്) എന്നാൽ നമ്മുടെ ഇച്ഛക്കൊണ്ട് പ്രവർത്തിക്കുന്നതും ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതുമായ ആളുകളെ കിട്ടിയില്ലെങ്കിൽ പൂർണ്ണമായും ഉത്തരവാദിത്തം ഏല്പിച്ചുകൊടുക്കാൻ പറ്റുകയില്ല. നബി (സ) തിരുമേനിയുടെ സ്വഹാബത്ത് ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്നവരും സഹനശീലരുമായിരുന്നു. ചില ഘട്ടങ്ങളിൽ മരത്തിന്റെ ഇലകൾ തിന്ന് അവർ ജീവിച്ചിരുന്നു. ഇക്കാലഘട്ടത്തിലും, കുറച്ചുനാൾമുമ്പേ ആഫ്രിക്കയിൽ നമ്മുടെ ചില മുബല്ലിഗുമാർ വരുമാനമാർഗ്ഗം കുറഞ്ഞകാരണത്താൽ നിസ്സാരമായ ഭക്ഷണം കഴിച്ചാണ് അവർ ജീവിച്ചിരുന്നത്.

നമ്മുടെ ജീവിതം ലളിതപൂർണ്ണമാക്കാനും ഉള്ളതുകൊണ്ടു തൃപ്തരായി ജീവിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

JUMAKHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 30 - 04 - 2004 at Baithul Futhuh, London

Translated by :
Moulavi. Muhammad Ismail. H.A

*Published by* : **Majlis Khuddamul Ahmadiyya, Kerala**